പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2119 — 18.03. 2015 ൽ മറുപടിക്ക്

വൈദ്യുതിചാർജ്ജ് വർദ്ധന

ചോദ്യം — ഉത്തരം

ശ്രീ. ബി. സത്യൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം ഓരോ തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചപ്പോഴും കമ്പനിക്ക് എന്തു തുകയുടെ അധികവരുമാനം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ? | (എ) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ, 2012 ജൂലൈ 1 മുതൽ നടപ്പിലാക്കിയ താരീഫ് വർദ്ധനവ് വഴി 2012-13 സാമ്പത്തിക വർഷത്തിൽ ഏകദേശം 1257 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്.<br>2013-2014 സാമ്പത്തിക വർഷത്തിൽ, 01.05.2013 മുതൽ നടപ്പിലാക്കിയ താരീഫ് വർദ്ധനവ് വഴി, 2013-14 സാമ്പത്തിക വർഷത്തിൽ ഏകദേശം 589 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്.<br>2014-15 സാമ്പത്തിക വർഷത്തിൽ 16.08.2014 മുതൽ നടപ്പിലാക്കിയ താരീഫ് വർദ്ധനവ് വഴി, ഈ സാമ്പത്തിക വർഷത്തിൽ ഏകദേശം 640 കോടി രൂപയുടെ അധികവരുമാനം ഉണ്ടാവാൻ സാധ്യതയുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ